**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2687** **24-06-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ തുറമുഖം നിലവിലുണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത തുറമുഖം എവിടെയായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | ഉണ്ടായിരുന്നു. പ്രസ്തുത തുറമുഖം കാസർഗോഡ് ജില്ലയിൽ അറബിക്കടലിനോട് ചേർന്ന് ചന്ദ്രഗിരി നദിയുടെ അഴിമുഖത്തിനു കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്തിരുന്നു. |
| (ബി) | ഏതെല്ലാം രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധത്തിന് ഈ തുറമുഖം ഉപയോഗപ്പെടുത്തിയിരുന്നുവെന്നും ഏതൊക്കെ രീതിയിലുള്ള കപ്പലുകൾ ഇവിടെ വന്നിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് തുറമുഖത്തിന് സിലോണുമായി വ്യാപാര ബന്ധമുള്ളതായി കാണുന്നു. ചരക്ക് ഗതാഗതത്തിനായുള്ള കപ്പലുകൾ/ഉരുക്കൾ ആണ് ഇവിടെ എത്തിയിരുന്നത്. |
| (സി) | ഈ തുറമുഖം പുന:രുജ്ജീവിപ്പിക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ? | (സി) | നിലവിൽ കാസർഗോഡ് തുറമുഖം പുനരുജ്ജിവിപ്പിക്കുവാനുള്ള പദ്ധതികളോ സാധ്യതകളോ നിലനിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ